"ഭരണഭാഷ - മാതൃഭാഷ"


തദ്ദേശ സ്വയം ഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 - 2422219, ഇ-മെയിൽ : jdlsgdekm@gmail.com


---

**തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ 22.11.2024 തീയതിയിലെ യോഗത്തിന്റെ 4-ാം നമ്പർ തീരുമാനം.**

എസ്.മംഗളാംബാൾ 18/10/2024 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നല്കിയ അപേക്ഷയിൽ 15.02.2023 ലെ പെർമിറ്റ് പ്രകാരം നിലവിലുള്ള തറവാട് വീട് പുനർനിർമ്മിച്ചിരുന്നു, 2024 ഏപ്രിലിൽ Occupancy Certificate ന് അപേക്ഷ നല്കിയെങ്കിലും ആയത് നാളിതുവരെയായിട്ടും തീർപ്പാക്കിയിട്ടില്ലെന്ന് ബോധ്യപ്പെടുത്തിയിരിക്കുന്നു.

തൃപ്പൂണിത്തുറ നഗരസഭ നടമ വില്ലേജിൽ റീസർവ്വേ നം.51 ൽപ്പെട്ട ~~ഭൂമികരം~~ 324 $m^2$ ൽ പ്പെട്ട വസ്തുവിൽ നിർമ്മാണം നടത്തിയിട്ടുള്ള വാസഗൃഹത്തിന്റെ പുമുഖത്ത് Structural Plan പ്രകാരം 6 മീറ്റർ ആവശ്യമായിരുന്നിടത്ത് 5.17 മീറ്റർ നല്കിയാണ് 15.02.2023 ൽ PW2-BA-468/2022 പെർമിറ്റ് കരസ്ഥമാക്കിയത്. ടി കെട്ടിടം പേട്ട- എസ്.എൻ. ജംഗ്ഷൻ റോഡിന്റെ മധ്യരേഖയിൽ നിന്നും 16.5 മീറ്റർ അകലം പാലിക്കേണ്ടിടത്ത് 15.67 മീറ്റർ അകലം മാത്രമെ പാലിച്ചിട്ടുള്ളുവെന്നതിനാൽ ടി കെട്ടിടത്തിന് ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചില്ല, വിവരം അപേക്ഷകയെ 30.08.2024 ൽ അറിയിച്ചിട്ടുണ്ട്.

പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പെർമിറ്റ് നല്കിയപ്പോൾ Structural Plan സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ലെന്ന് കാണുന്നു. Structural Plan പ്രകാരമുള്ള വ്യവസ്ഥ ലംഘിച്ചിട്ടുണ്ടെങ്കിലും പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതിനാൽ പുനർ നിർമ്മിച്ച ഈ വാസഗൃഹത്തിന്റെ പൂർത്തീകരണ പ്ലാൻ അംഗീകരിച്ച് കെട്ടിട നമ്പർ നല്കേണ്ടതാണെന്ന് കാണുന്നു. ഈ വിഷയത്തിൽ ഉയർന്ന തലത്തിൽ തീരുമാനമെടുക്കുന്നതാകും ഉചിതമെന്നതിനാൽ ജില്ലാതല സമിതിക്ക് കൈമാറുന്നു.

രാജേഷ്. വി.എസ്
കൺവീനർ
തദ്ദേശസ്വയംഭരണ വകുപ്പ്
ഉപജില്ലാതല അദാലത്ത് സമിതി
(സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്)
എറണാകുളം